സജ്ജമാക്കിക്കൊണ്ടിരിക്കുന്നത് ഈ വർക്ക് ഷോപ്പിലെ Page 1 of 2
മെഷിനറികളുടെ സഹായത്തോടെയാണ്.

8. കൊല്ലം ജില്ലയിലെ തെന്മലയിൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നു.

## ഉൾനാടൻ ജലപാതാ വികസനം

167 (6872) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ പ്രയോജനം വർദ്ധിക്കുന്നതിനായി ഗതാഗത, വിനോദസഞ്ചാര വകുപ്പുകളെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയും പങ്കാളികളാക്കിക്കൊണ്ട് ജലപാതകളുടെ ആഴവും വീതിയുംകൂട്ടി മോടി പിടിപ്പിച്ച് കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അത്തരമൊരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ ;

(സി) ഉൾനാടൻ ജലപാതാവികസനത്തിന് കഴിഞ്ഞ പത്തുവർഷം എന്തുതുക ചെലവഴിച്ചുവെന്നും ഏതൊക്കെ ജലപാതകൾക്കുവേണ്ടിയാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) കേരളത്തിൽ കൊല്ലംമുതൽ കോട്ടപ്പുറം വരെയുള്ള ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് ഈ പ്രവൃത്തി നടത്തുന്നത്. ദേശീയ ജലപാതയ്ക്ക് പ്രത്യേക മാനദണ്ഡങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. ദേശീയ ജലപാതയ്ക്ക് തെക്കും വടക്കും ഉള്ള ജലപാതകളും ഇതിലേക്ക് എത്തിച്ചേരുന്ന ഫീഡർ കനാലുകളും സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ഇതിനായി ധനകാര്യ കമ്മിഷന്റെയും നബാർഡിന്റെയും ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാന ബഡ്ജറ്റ് വിഹിതവും ഉപയോഗിക്കുന്നുണ്ട്. ജലപാതയുടെ വികസന സ്ഥലം ലഭ്യമാക്കുന്നതിനും പണികൾ നടത്തുന്നതിനും മറ്റു വകുപ്പുകളുടെ സഹകരണം ഉപയോഗപ്പെടുത്തുന്നുണ്ട്.

ജലപാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന സ്ഥലങ്ങളിൽ ടൂറിസം വകുപ്പിന്റെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും സഹകരണത്തോടെ പാതയുടെ സംരക്ഷണവും പരിപാലനവും നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉൾനാടൻ ജലപാത വികസനത്തിന് കഴിഞ്ഞ പത്തുവർഷം സംസ്ഥാനത്ത് ചെലവഴിച്ച ആകെ തുക 183,61,00,556 രൂപയാണ്. ഏതൊക്കെ ജലപാതകൾക്കുവേണ്ടിയാണ് പ്രസ്തുത തുക ചെലവഴിച്ചത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കൊല്ലം-കോട്ടപ്പുറം ജലപാത**

168 (6873) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-കോട്ടപ്പുറം ജലപാതയുടെ പൂർത്തീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ ചെലവഴിച്ച തുകയെത്രയെന്നും എന്താവശ്യത്തിനുവേണ്ടിയെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ദേശീയ ജലപാതാ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു.

ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയ ജലപാതയുടെ ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റ് മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ, IWAI അധികൃതർ ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, റവന്യൂ അധികാരികൾ, ജില്ലാ കളക്ടർമാർ എന്നിവരുടെ സഹായത്തോടെ ആയതിന് സ്ഥലം കണ്ടെത്തി നൽകാറുണ്ട്. ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീന വലകൾ, ഊന്നി വലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഈ പദ്ധതിയുടെ ഭാഗമായുള്ള പണികൾ IWAI-ക്ക് നടത്തുവാൻ വിഘാതമായി നിൽക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾക്കും സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹാരം കണ്ടെത്താറുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രത്യേകമായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly